# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 2622

12.03.2018-ന് മറുപടിയ്ക്ക്

## കോങ്ങാട് മണ്ഡലത്തിലെ കിഫ്ബി വിദ്യാഭ്യാസ പദ്ധതികൾ

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | | മറുപടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) കോങ്ങാട് മണ്ഡലത്തിൽ കിഫ്ബിയിലൂടെ പ്രഖ്യാപിച്ചിട്ടുള്ള വിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതികൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ;<br><br>(ബി) ഇതിൽ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളുടെ വിശദവിവരം നൽകുമോ; ബാക്കിയുള്ള പദ്ധതികളുടെ സ്റ്റാറ്റസ് റിപ്പോർട്ട് ലഭ്യമാക്കുമോ? | (എ) & (ബി) | കോങ്ങാട് നിയോജക മണ്ഡലത്തിൽനിന്നും കിഫ്ബി മുഖേനയുള്ള അഞ്ചുകോടി രൂപയുടെ ധനസഹായത്തോടെ പത്തിരിപ്പാല ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിനെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് ഭരണാനുമതി നൽകുകയും അപ്രകാരം കിഫ്ബി അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.<br>മണ്ഡലത്തിൽ നിന്നും മൂന്നുകോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെ അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുത്തിട്ടുള്ള കാരകുറിശ്ശി ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, മങ്കര ഗവ.ഹൈസ്കൂൾ എന്നീ സ്കൂളുകളിൽ കാരകുറിശ്ശി ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും അപ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. മങ്കര ഗവ.ഹൈസ്കൂളിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.<br>കൂടാതെ 8 മുതൽ 12 വരെയുള്ള എല്ലാ സർക്കാർ/എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെ എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കുന്ന പ്രവർത്തനങ്ങളും കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി പ്രവർത്തനങ്ങൾക്ക് കിഫ്ബി അംഗീകാരം ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ